ഉത്തരം

(എ) അസിസ്റ്റന്റ് എഞ്ചിനീയർ - 15 ഒഴിവുകൾ

ഒന്നാംതരം ഓവർസിയർ - 21 ഒഴിവുകൾ

രണ്ടാംതരം ഓവർസിയർ - 11 ഒഴിവുകൾ

മൂന്നാംതരം ഓവർസിയർ - 2 ഒഴിവുകൾ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ താല്ക്കാലിക നിയമനം നേടിയ 8 പേരിൽ 4 പേർ മാത്രമേ ടി ജില്ലയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ.

(സി) തദ്ദേശ സ്വയംഭരണ എഞ്ചിനീയർ വിംഗിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറാണ്. ഓവർസീയർമാരുടെ താല്ക്കാലിക നിയമനം നടത്തുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥരെ കരാറടിസ്ഥാനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമിക്കുന്നതിനും അവരുടെ വേതനം പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നോ ജനറൽ പർപ്പസ് ഫണ്ടിൽനിന്നോ നൽകുന്നതിനും 19-11-2012-ലെ സ.ഉ.(സാധാ) 3181/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് നിലവിലുണ്ട്. ഇത്തരത്തിൽ ചീഫ് എഞ്ചിനീയർക്കോ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കോ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യം തീരുമാനിക്കാമെന്നിരിക്കേ കളക്ടർ ചെയർമാനായുള്ള ഒരു കമ്മിറ്റിക്ക് പ്രസ്തുത തസ്തികകൾ നികത്തുന്നതിന് അനുമതി നൽകേണ്ടതിന്റെ ആവശ്യകത ഇല്ല.

കോട്ടയത്തെ കുടുംബശ്രീ ഭക്ഷ്യമേള

157 (5510) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയത്ത് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഒരു ഭക്ഷ്യമേള നടന്നോ ; എങ്കിൽ എന്നാണ് ;

(ബി) പ്രസ്തുത ഭക്ഷ്യമേളയുടെ മേൽനോട്ടം ഐഫ്രം എന്ന തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു പുരുഷ സംഘടനയാണോ നിർവ്വഹിച്ചത് ;

(സി) എങ്കിൽ പ്രസ്തുത സംഘടനയ്ക്ക് ഈയിനത്തിൽ എത്ര തുകയാണ് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആയതിന്റെ സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ ;

(ഇ) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സംഘടനയ്ക്ക് മേല്പറഞ്ഞ ചുമതല നൽകിയത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4 ഫെസ്റ്റുകളാണ് നടന്നിട്ടുള്ളത്.

1. ടാവൻകൂർ മനോരമ ഫെസ്റ്റ് - 2012 ഡിസംബർ 14 മുതൽ 25 വരെ.
2. വനിതാ മാക്സ് ഫെസ്റ്റ് - 2013 ഏപ്രിൽ 5 മുതൽ 15 വരെ.
3. വനിതാ മാക്സ് ഫെസ്റ്റ് - 2014 ഏപ്രിൽ 25 മുതൽ മേയ് 6 വരെ.
4. വനിതാ മാക്സ് ഫെസ്റ്റ് - 2015 മേയ് 1 മുതൽ 12 വരെ.

(ബി) 2013 ഏപ്രിൽ 5 മുതൽ 15 വരെ നടന്ന വനിതാ മാക്സ് ഫെസ്റ്റ്, 2014 ഏപ്രിൽ 25 മുതൽ മേയ് 6 വരെ നടന്ന വനിതാ മാക്സ് ഫെസ്റ്റ് എന്നിവയാണ് ഐഎച്ച്ആർഡിയുടെ മേൽനോട്ടത്തിൽ നടന്ന ഫെസ്റ്റുകൾ.

(സി) 2013 ഏപ്രിൽ 5 മുതൽ 15 വരെ നടന്ന വനിതാ മാക്സ് ഫെസ്റ്റിന് 3,00,441 രൂപയും 2014 ഏപ്രിൽ 25 മുതൽ മേയ് 6 വരെ നടന്ന വനിതാ മാക്സ് ഫെസ്റ്റിന് 1,12,181 രൂപയുമാണ് ഐഎച്ച്ആർഡിയ്ക്ക് നൽകിയത്.

(ഡി) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 6-5-2014, 25-9-2014 എന്നീ തീയതികളിലെ കെ.എസ്./ജെ/2168/2014, 4-4-2014-ലെ കെ.എസ്./ജെ/ 1737/ 2013 എന്നീ ഉത്തരവുകൾ.

(ഇ) കുടുംബശ്രീ കാന്റീൻ കാറ്ററിംഗ് മേഖലയിലെ പരിശീലന ഗ്രൂപ്പ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഐഎച്ച്ആർഡിയ്ക്ക് മേൽ ഭക്ഷ്യമേളകളുടെ മേൽനോട്ട ചുമതല നൽകിയത്. 19-1-2011 ലെ കെ.എസ്./എം/16/2011 നമ്പർ ഉത്തരവ് പ്രകാരമാണ് ഐഎച്ച്ആർഡിയുടെ കുടുംബശ്രീയുടെ കാന്റീൻ കാറ്ററിംഗ് മേഖലയിലെ പരിശീലന ഗ്രൂപ്പായി തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly